സ്വീകരിച്ചത്? ആക്ഷേപം ഉണ്ടായപ്പോൾ രാജിവച്ച് പോയതായി അഭിമാനത്തോടുകൂടി അദ്ദേഹം പറഞ്ഞു. സഭയ്ക്കകത്ത് ആക്ഷേപം ഉണ്ടായപ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾ എന്തു നിലപാടു സ്വീകരിച്ചു? നാലുമന്ത്രിമാരെക്കുറിച്ച് ആക്ഷേപം ഉണ്ടായി. ആ ആക്ഷേപങ്ങളെക്കുറിച്ച് ...... രാജിവച്ചുപോകണ്ട, പക്ഷേ അന്വേഷണം നടത്താൻ പോലും അന്നത്തെ ഗവൺമെന്റ് തയ്യാറായിരുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ശ്രീ. ഇ. ജോൺ ഫിലിപ്പോസിനെപോലെ തന്നെ മുഖ്യമന്ത്രി ശ്രീ. കരുണാകരനും രാജി വയ്ക്കണമെന്നാണോ ശ്രീ. ബാബു പറയുന്നത്?

ശ്രീ. കെ. ബാബു: മാസ്റ്റർ ഇങ്ങനെ പലതും പറയും. എന്തായാലും ഞാൻ മാസ്റ്ററുടെ അഭിപ്രായത്തെ ചോദ്യം ചെയ്യുന്നില്ല. ഏതായാലും ഈ അഴിമതി നിരോധന നിയമം കേരളത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾ വളരെയേറെ ഉറ്റുനോക്കുന്ന ഒരു കാര്യമാണ്. കാരണം കേരളത്തിലെ പൊതുപ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, മന്ത്രിമാർ, എം. എൽ. എ. മാർ ഇവരൊക്കെ ഈ അഴിമതിയിൽ നിന്ന് ഒഴിഞ്ഞുനിൽക്കണമെന്നുള്ള അഭിപ്രായം ജനങ്ങൾക്കുണ്ട്. ആ അഭിപ്രായത്തെ മാനിക്കുന്ന രീതിയിൽ അല്ല, മറുഭാഗത്തുള്ള ആളുകൾ പറഞ്ഞത് എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഈ നിയമത്തിന് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഭേദഗതികളെ കുറിച്ച് ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ചില കാര്യങ്ങളെക്കുറിച്ച്, ചില ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. സ്വന്തം പാർട്ടിയുടെ അഭിപ്രായങ്ങൾ അതേപടി എഴുതിത്തരുന്ന ആളുകളെ കമ്മീഷനിൽ നിയോഗിച്ച് ഇതിനെ ആകെ നാശമാക്കിയ നടപടി ഇനി ആവർത്തിക്കാതിരിക്കണം. ഈ സ്ഥാപനത്തെ കുറിച്ച് ഉന്നയിക്കപ്പെട്ടിട്ടുള്ള ആശങ്കകൾക്കുകൂടി പരിഹാരം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഈ സ്ഥാപനം സ്വതന്ത്രമായ പ്രവർത്തനമാണ് നടത്തുന്നതെന്ന് നമ്മുടെ സഭയ്ക്കും സംസ്ഥാനത്തെ ജനങ്ങൾക്കും ഉറപ്പുണ്ടാകണം. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആശങ്കകൾക്കും പരിഹാരം ഉണ്ടാകണം. ആ ആശങ്കകൾ മാറ്റാൻ ഗവൺമെന്റ് തയ്യാറാകണം എന്നുകൂടി ഈ സന്ദർഭത്തിൽ നിർദ്ദേശിച്ചുകൊണ്ട് ബിൽ സെലക്ട് കമ്മിറ്റിയ്ക്ക് അയക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 1992 മാർച്ച് 31 വരെ സർക്കുലേറ്റ് ചെയ്യണമെന്നുള്ള ഭേദഗതിയാണ് കൊടുത്തിട്ടുള്ളത്. ഈ സന്ദർഭത്തിൽ ഓർഡിനൻസിനെക്കുറിച്ച് ഒരു വാക്ക് പറയേണ്ടതായിട്ടുണ്ട്. മന്ത്രിക്ക് നന്നായിട്ടു നിശ്ചയം ഉണ്ടാകണം. ഇത്തരം ചർച്ചകളിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് constitutional coup എന്നത്. വാസ്തവത്തിൽ ശ്രീ. കരുണാകരന്റെ മന്ത്രിസഭ നടത്തിയത് അത്തരം ഒരു അട്ടിമറിയാണ്. അതായത് എല്ലാ നാച്ചുറൽ ജസ്റ്റീസും നിഷേധിച്ചുകൊണ്ട് ഭരണാധികാരികൾക്ക് എതിരെ അഴിമതിയാരോപണം കൊണ്ടുവരുന്നവനെ കോടതിയിൽ കയറ്റാൻ പറ്റുന്ന വിധത്തിലാണ് ഈ നിയമം ഇപ്പോൾ ഭേദഗതി ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഇത് ഒരു അട്ടിമറിയായിരുന്നു എന്ന്. ഈ ഓർഡിനൻസുകളെ കുറിച്ച് പറയുമ്പോൾ ഒരു കാര്യം, അതിനെപ്പറ്റിയുള്ള ചർച്ച നേരത്തെ നടന്നതാണ്. എന്നാലും ചൂണ്ടിക്കാണിക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണതായിട്ടുണ്ട്. എനിക്കറിഞ്ഞുകൂടാ, ശ്രീ. കരുണാകരന്റെ മന്ത്രിസഭ ഇപ്പോഴും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ വളരെ high esteem-ൽ ആണോ കണക്കാക്കുന്നതെന്ന്. പക്ഷേ, മാവലങ്കർ-നെ മറന്നുകൊണ്ട് അങ്ങേയ്ക്ക് അവിടെയിരിക്കാൻ ഒക്കുകയില്ല. ഞാൻ ലോകസഭയിലെ ആദ്യത്തെ സ്പീക്കറെക്കുറിച്ചാണ് പറയുന്നത്. അദ്ദേഹം ഈ ഓർഡിനൻസുകളെക്കുറിച്ച് ഒരു ഒബ്സർവേഷൻ 1950 നവംബർ 25-ാം തീയതി നടത്തി. സ്പീക്കർ ശ്രീ. മാവലങ്കറുടെ വാക്കുകൾ: "The procedure of promulgation of Ordinances is inherently undemocratic Whether an Ordinanse is justifiable or not, the issue of large number of Ordinances has a psychologically bad effect." നമ്മൾ ഇപ്പോൾ നിൽക്കുന്നത് അങ്ങനെ ഒരു സ്ഥിതിയിലാണ്. ഒരു ഓർഡിനൻസുകൊണ്ട് ഇങ്ങനെ ഒരു വല്ലാത്ത വഴി കാണിച്ചു എന്നു മാത്രമല്ല മിക്കവാറും ഇവിടത്തെ ജനാധിപത്യ സ്ഥാപനങ്ങളെ പലതിനേയും ഡിസ്റ്റെബിലൈസ് ചെയ്യുന്ന ഒരു സീരീസ് ഓഫ് ഓർഡിനൻസ് ഇറക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് ഈ സഭയെ അഭിമുഖീകരിക്കുന്നത്.

ശ്രീ. കെ. എം. മാണി: കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് 30 ഓർഡിനൻസുകൾ ഇറക്കിയിട്ടുണ്ട്. മുപ്പതോ മുപ്പത്തി ഒന്നോ ഓർഡിനൻസുകളാണ്. ശ്രീ. ചന്ദ്രപ്പന് നിശ്ചയമുണ്ടോ?

ശ്രീ. സി. കെ. ചന്ദ്രപ്പൻ: കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് കഴിഞ്ഞ നാലു വർഷത്തിനിടയിൽ 31 ഓർഡിനൻസുകൾ ഇറക്കുകയുണ്ടായി. പറഞ്ഞ പോയിന്റ് മനസ്സിലായി.

ശ്രീ. കെ. എം. മാണി: അപ്പോൾ ആ പാതയിൽ കൂടി വരണമെന്നാണോ; അല്ലെങ്കിൽ പിന്നെ അതിനെപ്പറ്റി പറയേണ്ട കാര്യമില്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, പണ്ഡിറ്റ് നെഹ്റു പറഞ്ഞത് എന്താണെന്നറിയാമോ? ഇതിനെക്കുറിച്ച് മറുപടി എഴുതിയപ്പോൾ That was written in December 13, 1950. "I think all my colleagues will agree with you that the issue of Ordinance is normally not desirable and should be avoided except on special and urgent occasions......." അങ്ങനെ വല്ലതും ഉണ്ടായിരുന്നോ, ഈ ഓർഡിനൻസ് ഇഷ്യൂ ചെയ്യുന്നതിന്റെ പിന്നിൽ? അതിന്റെ പശ്ചാത്തലം നമ്മൾ നോക്കുകയാണെങ്കിൽ അത്തരമൊരു അർജന്റായിട്ടുള്ള കാര്യം അത്തരമൊരു അൺഅവോയ്ഡബിളായിട്ടുള്ള കാര്യം ഈ ഗവൺമെന്റിന്റെ മുമ്പിൽ ഉണ്ടായിരുന്നു എന്നു പറഞ്ഞുകൂടാ. മുഖ്യമന്ത്രിക്ക് ഒരു പ്രശ്നമുണ്ടായിരുന്നു, അത് ഞാൻ മനസ്സിലാക്കുന്നുണ്ട്. പക്ഷേ ഒരു ഗവൺമെന്റ് ഇത്തരം ഒരു നിയമനിർമ്മാണസഭയിൽ ഒരു ഓർഡിനൻസും മററും കൊണ്ടുവരുമ്പോൾ— അങ്ങനെ മുഖ്യമന്ത്രിയുടെ എക്സ്പീഡിയൻസി വച്ചുകൊണ്ട് ഓർഡിനൻസ് കൊണ്ടുവരരുത്. അത് ഒരു നല്ല പ്രിസിഡന്റ് ആയിരിക്കുകയില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ആർട്ടിക്കിൾ 213 അനുസരിച്ച് it is subject to the satisfaction of the Governor ആ ഗവർണർ ആണ് ഇത് പ്രോപ്പഗേറ്റ് ചെയ്യുന്നത്. അദ്ദേഹത്തിന് സാററിസ്ഫൈഡ് ആയാൽ അദ്ദേഹം ചെയ്യുന്നു. That is the constitutional provision അപ്പോൾ അതിനെ പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: അത് നമുക്ക് രണ്ടുപേർക്കും അറിയാവുന്ന കാര്യമാണ്. മി. മാണി ഇപ്പോൾ പറഞ്ഞ കാര്യം മി. മാണിക്കും എനിക്കും ഈ സഭയ്ക്കും ലോകത്തുള്ള എല്ലാ സഭകൾക്കും അറിയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. ഗവൺമെന്റ് അഡ്വൈസ് ചെയ്യുമ്പോൾ ഗവർണ്ണർ അതനുസരിച്ച് ചെയ്യും. ഗവർണ്ണറുടെ തീരുമാനം ജസ്റ്റിഫയബിൾ അല്ല. അത് ശരിയാണ്. പക്ഷേ എന്തായിരുന്നു മുഖ്യമന്ത്രിയുടെ പ്രശ്നം? അദ്ദേഹത്തെ പററി അന്വേഷണം നിലവിലിരുന്ന കമ്മീഷന് മുമ്പാകെ ഉണ്ടായിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് ഒന്നും പോകുന്നില്ല. ഇതിനുമുമ്പ് ഇവിടെ ഉണ്ടായിരുന്ന കേരളത്തിലെ പൊതു പ്രവർത്തകരുടെ അഴിമതി അന്വേഷണ കമ്മീഷന്റെ മുമ്പിൽ നമ്മുടെ മുഖ്യമന്ത്രിക്ക് എതിരേ വളരെ ഗൗരവമായ ചില ആരോപണങ്ങൾ ഉണ്ടായിരുന്നു. ആ ആരോപണങ്ങളെക്കുറിച്ച് കമ്മീഷൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം ഒരു സന്ദർഭത്തിൽ ഒരു ഡീസന്റ് ആയിട്ടുള്ള ആരും ചെയ്യാത്ത ഒരു കാര്യമാണ്. സാധാരണ ഒരു സാഹചര്യത്തിൽ എന്തെങ്കിലും ഒരു കാര്യം അത്യാവശ്യത്തിന് ചെയ്യാം. പക്ഷേ തന്നെപ്പററി ഒരു അന്വേഷണം നടത്തുന്ന കമ്മീഷനോട് ചെയ്തത് എന്താണ്? ഇപ്പോൾ ഈ കമ്മീഷൻ വാസ്തവത്തിൽ റീസ്ട്രക്ച്ചർ ചെയ്തിരിക്കുകയാണ്. കംപ്ലീററ് ആയിട്ട്, കമ്മീഷനിലെ മെമ്പേഴ്സിനെ സംബന്ധിച്ചിടത്തോളം കമ്മീഷന്റെ മുമ്പിൽ ഒരു ആരോപണം ഉന്നയിക്കുകയാണെങ്കിൽ അതുന്നയിക്കുന്ന ആൾ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച്, ആ കമ്മീഷന്റെ നിഗമനങ്ങൾ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആൾക്ക് എതിരാണെങ്കിൽ-മുമ്പാണെങ്കിൽ ഗവർണർ ആണ് മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം കോംപീററന്റ് അതോറിററി. ഇദ്ദേഹം അഴിമതിക്കാരനാണെന്ന് കമ്മീഷന് പ്രഥമദൃഷ്ട്യാ തോന്നുന്നു എന്ന് കമ്മീഷൻ പറയുകയാണെങ്കിൽ he has to vacate the Seat of the Chief Minister. ഒരുപക്ഷേ മി. കരുണാകരന് ഇങ്ങനെയുള്ള ദുഃഖകരമായ അനുഭവങ്ങൾ ഇന്നലെകളിൽ ഉണ്ടായിട്ടുള്ളതുകൊണ്ട് ആയിരിക്കും. അതിന്റെ വേദന വളരെ നന്നായി അറിയാം, ആ കസേരയിൽ നിന്ന് ഇറങ്ങിപ്പോയാൽ എന്ത് എന്ന്. അതുകൊണ്ട് ആണ്. അങ്ങനെയൊന്നും ഇറങ്ങിപ്പോകണ്ട. അങ്ങനെ കോംപീററന്റ് അതോറിററിക്ക് പറയാൻ അവകാശവുമില്ല എന്നാക്കിമാററി. അതുമാത്രമല്ല ഇതിനകത്തുള്ള ഏററവും വലിയ അനീതി, നാച്ച്വുറൽ ജസ്ററിസ് ഡിനൈ ചെയ്തു എന്നു പറയുന്നതാണ്. നാച്ച്വുറൽ ജസ്ററിസിനെ കുറിച്ച് മി. മാണി പറയുമെന്നാണ് എന്റെ വിശ്വാസം. കമ്മീഷന്റെ മുമ്പിൽ ആരോപണം ഉന്നയിക്കുന്നവനെ പ്രതിസ്ഥാനത്ത് നിർത്താവുന്ന വകുപ്പുകൾ, അതിനകത്തു കൊണ്ടുവന്നതിന് പുറമേ കുററവാളിയെന്നു കണ്ടാൽ ഒരു ശിക്ഷയും ഒരു വേദനയും കൂടാതെ രക്ഷപ്പെടാവുന്ന വിധത്തിൽ കോംപീററന്റ് അതോറിററിക്ക് ഉണ്ടായിരുന്ന അവകാശങ്ങൾ എടുത്തു കളഞ്ഞതിനു പുറമേ കോംപീററന്റ് അതോറിററി എന്നു പറയുന്നതു തന്നെ സർക്കാരാണെന്ന് തീരുമാനിച്ചാൽ പിന്നെ എങ്ങനെയാണ് ഈ നിയമം ഇവിടെ നടപ്പിലാകുമ്പോൾ നീതി ലഭിക്കാൻ പോകുന്നത്? അതുകൊണ്ട് ഓർഡിനൻസ് കൊണ്ടുവന്നതിലുള്ള ജനാധിപത്യവിരുദ്ധമായ ഒരു ഉള്ളടക്കത്തോടൊപ്പം തന്നെ ഞാൻ ഇവിടെ സുധീരനെ കാണുകയാണ്. ഈ സഭയിൽ സ്പീക്കറായിട്ട് അങ്ങ് ഇരിക്കുന്ന കസേരയിൽ ഇരുന്നുകൊണ്ട്, അന്ന് സ്പീക്കറായിരുന്ന ബഹുമാനപ്പെട്ട സുധീരൻ അന്ന് ഉണ്ടായിരുന്ന ഗവൺമെന്റിന് എത്ര പ്രാവശ്യം ഈ സഭയിൽവെച്ച് reprimand ചെയ്തിട്ടുണ്ട്? They were pulled up. അദ്ദേഹം ഇന്ന് താഴെ ഇറങ്ങേണ്ടിവന്നതിന്റെ കാരണം അതായിരിക്കും. പക്ഷേ ആ ഇരുപ്പിനെക്കാൾ ഭേദം ആനിരിക്കുകയില്ല ഇവിടെ മന്ത്രി കസേരയിൽ ഇരുന്നുകൊണ്ട് ഇങ്ങനെ ഒരു കോൺസ്ററിററ്യൂഷണൽ കൂപ്പ് നടത്തുന്നത്, ഈ സഭയുടെ അന്തസ്സ് നിലനിർത്തുന്നതിനുവേണ്ടി, ഈ സഭയുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിന്

വേണ്ടി, മൗലങ്കർ പണ്ടുമുതലേ ചൂണ്ടിക്കാണിച്ചിരുന്ന, ആ നിലയിൽ ഈ സഭയെ ഇങ്ങനെ അവഹേളിക്കരുത് എന്ന് ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. അതൊന്നും ഇവരുടെ മുമ്പിൽ ഇപ്പോൾ പ്രശ്നമല്ല. എന്നാൽ ഈ നിയമം കൊണ്ടുവരുമ്പോൾ ഓർഡിനൻസിന് പുറമേ നിയമത്തിന്റെ ഓരോ വകുപ്പുകളും എടുത്ത് പരിശോധിക്കുകയാണെങ്കിൽ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു, ഇതിന്റെ സ്ട്രക്ചർ ചെയ്ഞ്ച് ചെയ്തപ്പോൾ എന്തായി എന്ന്? നേരത്തേ ഇവിടെ വളരെ ഏറെ പറഞ്ഞുകഴിഞ്ഞതാണ്. ഞാൻ ഇപ്പോൾ സഖറിയാ മാത്യുവിന്റെ പേര് പറഞ്ഞു കഴിഞ്ഞാൽ മിനിസ്ററർ മാണി ഒബ്ജക്ട് ചെയ്തേക്കും. പക്ഷേ ഒബ്ജക്ട് ചെയ്തിട്ട് എന്ത് കാര്യം? അത്തരം ഉദ്യോഗസ്ഥന്മാരെ ഈ കമ്മീഷനിൽ നിയമിക്കുന്നു. ഇനി സർക്കാർ കോംപീററന്റ് അതോറിററി, എന്നു പറഞ്ഞാൽ പത്മകുമാറായിരിക്കും. ഒട്ടേറെ പ്രശ്നങ്ങളിൽ തീരുമാനം എടുക്കേണ്ടത് ഇവിടെ നമ്മൾ ഈ രണ്ട് മൂന്ന് നാല് ദിവസങ്ങളായിട്ട് ഭരണ കക്ഷിയിലെ, പ്രത്യേകിച്ച്, ട്രഷറി ബഞ്ചിന് വളരെവളരെ അരോചകമായിട്ട് തോന്നുന്നുണ്ട്, ഈ പാമോയിലിനെക്കുറിച്ചുള്ള ചർച്ച ഇവിടെ വരുമ്പോൾ. പാമോയിലിനെക്കുറിച്ചുള്ള ചർച്ച തുടങ്ങിയിട്ടില്ല. പാമോയിലിനെ കുറിച്ചുള്ള വിവരങ്ങളുടെ ഒരു ശേഖരണം ചർച്ചചെയ്യാൻ തുടങ്ങിയിട്ടുണ്ട് എന്നു മാത്രമേ പറയാനൊക്കൂ. അത് ഒരു ഒളിച്ചുകളി പോലെയാണ്. ഇവിടെ നേരത്തെ ശ്രീ. ശിവദാസമേനോൻ പറഞ്ഞതാണ്, അതിന് ഏററവും ഭംഗിയായ വാക്ക് 'ബിക്കിനി' എന്നാണ്, സ്വിമ്മിംഗ് സൂട്ട് അല്ല. ബിക്കിനി ധരിക്കുന്ന സ്ത്രീകളെ കുറിച്ച് എന്റെ ഓർമ്മ ശരിയാണെങ്കിൽ കെ. പി. എസ്. മേനോനാണ് പറഞ്ഞത്. 'അവര് മറയ്ക്കേണ്ടാത്തതെല്ലാം മറച്ചു എന്നാൽ മറയ്ക്കേണ്ടതൊന്നും മറച്ചിട്ടില്ല' ആ വിധത്തിൽ ബിക്കിനി ധരിച്ച സ്ത്രീകളെ കുറിച്ച് ഒരു വിവരണമുണ്ട്. ഇവിടെ കൊണ്ടു വന്ന് സമർപ്പിച്ച ഫയൽ അതാണ്. Covering the vital parts, but leaving every thing exposed നമ്മുടെ ഫയലിന്റെ സ്ഥിതി അതല്ല. നല്ല ബിക്കിനി ധരിച്ച ഒരു ഫയലാണ്, മി. മാണി, നിങ്ങളുടെ മുഖ്യമന്ത്രി ഇവിടെ കൊണ്ടുവന്ന് വച്ചിരിക്കുന്നത്. ഒരുപാട് കാര്യം പറയാനുണ്ട്. എനിക്കു ശേഷം ശ്രീമതി ഗൗരിയമ്മ പറയുമായിരിക്കും. ഞാൻ അതുകൊണ്ട് അതിലേക്കൊന്നും കടക്കുന്നില്ല. അത് പണ്ട് ബ്രിട്ടീഷ് പ്രൈംമിനിസ്ററർ പറഞ്ഞു: 'പ്രധാനമന്ത്രി ചർച്ചിലിന് അമേരിക്കൻ പ്രസിഡന്റ് റൂസ്‌വെൽററിന്റെ മുമ്പിൽ ഒന്നും മറച്ചുവയ്ക്കാനില്ല' എന്ന് പറഞ്ഞത് അറിയാമല്ലോ? പക്ഷേ ഇവിടെ എല്ലാം മാച്ചു വയ്ക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഒരു പാർട്ടും ഈ ഫയലിൽ മറച്ചു വയ്ക്കാനില്ല. അതുകൊണ്ട് ഫയൽ അപ്പാടെ വച്ചിട്ടുണ്ട്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ബിക്കിനി ധരിച്ച ഫയൽ. അത് സാരമെങ്കിലും മനസ്സിലാക്കണം. ആ ഫയലിനെക്കുറിച്ച് ആണ് ഈ തർക്കം. അതിനകത്ത് ഒരുപാട് കാര്യങ്ങൾ ഉണ്ട്. ആ ഫയലിനെക്കുറിച്ച് പറയുമ്പോൾ ഒന്ന്രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കണമെന്ന് എനിക്ക് തോന്നുന്നുണ്ട്. ഇങ്ങനെ ഒരു തീരുമാനം കാബിനററ് എടുക്കുന്നതിന് എത്രയോ മുമ്പേ എടുത്തു എന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. ബന്ധപ്പെട്ട കമ്പനിയുമായിട്ട് നിരന്തരം കൂടിയാലോചനകൾ നടത്തുകയായിരുന്നു. ഗവൺമെന്റ് ആ കൂടിയാലോചനകളിൽ നടത്തിയ ചർച്ച പ്ലൂറലാണോ സിങ്കുലറാണോ എന്നുള്ള കാര്യമൊക്കെ ഇവിടെ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. ഒരു കാര്യം, വാസ്തവത്തിൽ ഒരു ബ്രോക്കറെ പോലെ കേരളത്തിലെ മുഖ്യമന്ത്രി പെരുമാറി എന്ന് പറഞ്ഞാൽ നമുക്ക് അപമാനകരമായിരിക്കുമോ സർ. ഒരു ഇൻഡസ്ട്രി ഒരു കമ്മോഡിററി വിൽക്കുന്നതിന് മാർക്കററിൽ വന്ന് നിൽക്കുമ്പോൾ ഒരു കമ്മീഷൻ ഏജൻറിനെ പോലെ, ഒരു ബ്രോക്കറെപ്പോലെ നമ്മുടെ മുഖ്യമന്ത്രി പറഞ്ഞു എന്ന് പറഞ്ഞാൽ ഈ സഭ ലജ്ജിച്ചു തല താഴ്ത്തേണ്ടി വരും. ഏതായാലും ഇതിൽ എഴുതി വച്ചിരിക്കുന്നത് എന്താണ്? ചീഫ് മിനിസ്ററുടെ കത്ത്, Karunakaran to shri P. V. Narasimha Rao dt. 6th October 1991. ഈ കത്തിൽ പറഞ്ഞിരിക്കുന്നത് I shall be grateful if Kerala also can be considered under the scheme under the same procedure as are applicable to Tamil Nadu and Karnataka. സർ, ഇത് വായിച്ചുനോക്കിയാൽ ഒരു ഇന്നസെൻറ് ആയിട്ടുള്ള ഒരു എഴുത്ത് എന്നേ തോന്നുകയുള്ളൂ. കാരണം, കർണ്ണാടകയിലും തമിഴ്നാട്ടിലും ഉള്ള ഗവൺമെൻറിന് അനുവദിച്ചിട്ടുള്ള ആ സൗകര്യങ്ങളൊക്കെ, ആ സ്കീം ഓഫ് തിംഗ്സ് അനുസരിച്ച് കേരളത്തിലെ ഗവൺമെൻറിനും കിട്ടിയാൽ തരക്കേടില്ലായെന്നാണ് മുഖ്യമന്ത്രി പറയുന്നത്. എന്നാൽ അദ്ദേഹം ചെയ്ത ഒരു പണി തമിഴ്നാട് ഗവൺമെൻറിനെക്കൊണ്ട് എഴുതിച്ചു. അതാണ് ഞാൻ പറഞ്ഞത്. ഒരു ബ്രോക്കറുടെ പണി ചെയ്തു എന്ന്. തമിഴ്നാടിൻെറ ഗവൺമെൻറ് ലെററർ dated 26-9-1991 to the Prime Minister of India ആ കത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ്? A proposal for permitting power and Energy Private Limited, a Singapore based Company to supply about 3 lakh metric tonnes of palmolein to India and accept the sale Proceeds into Indian Rupee for the issue under public distribution system എന്നു പറഞ്ഞാൽ അതിൻെറ അർത്ഥം എന്താണ്? ഈ കടലാസ്സുകളൊക്കെ കണ്ടാൽ അങ്ങേയ്ക്ക് മനസ്സിലാവുകയില്ലേ? മുഖ്യമന്ത്രി അങ്ങോട്ടു എഴുതുകയാണ്. തമിഴ്നാട്ടുകാരുടെ, സ്കീംസ് ഓഫ് തിംഗ്സ് അനുസരിച്ച് അവർ പറഞ്ഞിട്ടുള്ളതിൽ തരണമെന്ന്. തമിഴ്നാട്ടിലെ കത്താണ് ഞാൻ ഈ വായിച്ചത്. ഇത് നമ്മുടെ ഫയലിൽ ഉള്ളതാണ്. ജയലളിത അയച്ചിട്ടുള്ള കത്താണ്. ജയലളിത എന്നു പറയുമ്പോൾ ആ കത്തിന് ഒരുപാട് ഗൗരവങ്ങളുണ്ട്. ജയലളിതയുടെ ഗൗരവം ഒന്ന്, Jayalalitha is a beautiful film actress അതിനേക്കാളേറെ ഇന്നത്തെ രാഷ്ട്രീയസാഹചര്യത്തിൽ she commands the vote that gives shri. Narasimha Rao majority in parliment. അത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? അതുകൊണ്ട് നമ്മുടെ മുഖ്യമന്ത്രി വളരെ ക്ലവറായിട്ടുതന്നെ ചെയ്തു. പിടിക്കേണ്ട കൊമ്പത്തുതന്നെ അദ്ദേഹം പിടിച്ചു. ജയലളിതയെക്കൊണ്ട് എഴുതിച്ചു. കമ്പനി ഇന്നതാണ്, അവരുമായിട്ട് മൂന്നു ലക്ഷം ടണ്ണിൻെറ ഏർപ്പാട് നമുക്ക് ചെയ്യാമെന്ന്, എന്നിട്ട് മുഖ്യമന്ത്രി അങ്ങോട്ട് എഴുതിയ കത്തിൽ വീണ്ടും കെ. എം. മാണി ശ്രദ്ധിക്കുമെങ്കിൽ ഇത് വായിച്ചാൽ മതി. അതിൽ പറഞ്ഞിരിക്കുന്നത് under the same procedure, under the same scheme എനിക്കും അനുവദിക്കണം എന്നാണ്. ഈ രണ്ടു കത്തും കൂടിവച്ച് വായിച്ചാൽ വളരെ ക്ലിയറല്ലേ? ഒരു ബ്രോക്കറുടെ പണിയാണ് ചെയ്തത് എന്ന്. നേരത്തെ കച്ചവടമൊക്കെ ഉറപ്പിച്ച്, നേരത്തെ പറഞ്ഞ ആ സംസാരങ്ങളും top ഡിസ്ക്കഷൻസ്, മീററിംഗ്സ് അവിടെയെല്ലാം പറഞ്ഞൊപ്പിച്ചിട്ട് കത്ത് ജയലളിതയെക്കൊണ്ട് എഴുതിപ്പിച്ചു. ജയലളിതയെക്കൊണ്ട് എഴുതിച്ചിട്ട് നമ്മുടെ മുഖ്യമന്ത്രി പറയുകയാണ് ആ സ്കീം ഓഫ് തിംഗ്സ്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് കാര്യങ്ങൾ ചെയ്യണമെന്ന്. വാസ്തവത്തിൽ ഇന്ന് ശ്രീ. കരുണാകരന്റെ ഒരു സ്ഥിതി, അദ്ദേഹം കോൺഗ്രസ്പാർട്ടിയുടെ പാർലമെന്ററി ബോർഡ് മെമ്പറുമൊക്കെ ആയതുകൊണ്ടുള്ള പ്രാധാന്യമൊക്കെ എടുത്തുനോക്കുമ്പോൾ ഒരു മൂന്നു നാലഞ്ചു സ്റ്റേറ്റിന്റെ palmolein requirement എല്ലാംകൂടി ഒന്നു കളക്ട് ചെയ്ത് ഒരു മൾട്ടി നാഷണൽ കമ്പനിക്ക് അതെല്ലാം വിററ് കോടിക്കണക്കിന് രൂപയുണ്ടാക്കുന്നതിന്റെ കമ്മീഷൻ പലർക്കും വിതരണം ചെയ്തതിൽ ഒരു നല്ല പങ്ക് അദ്ദേഹം കൈവശമാക്കി എന്നു മി. തങ്കപ്പൻ ഇവിടെ ഉന്നയിച്ച ആ ആരോപണം അഴിമതിനിരോധന കമ്മീഷന്റെ മുമ്പിലോ മറേറാ ഒരാൾ കൊണ്ടുപോയാൽ കുഴയും. അഴിമതിനിരോധനകമ്മീഷന്റെ മുമ്പിൽ കൊണ്ടുപോയിട്ടുണ്ടെങ്കിൽ പത്മകുമാർ തീരുമാനിക്കും. തൽക്കാലം വലിയ കുഴപ്പമില്ല. എന്നായാലും ആ കസേരയിൽനിന്ന് ഇറങ്ങിപ്പോകേണ്ട എന്നുള്ള കാര്യം ഉറപ്പാണ്. ഇങ്ങനെയുള്ള ഒരു നിയമം, ഇത്തരം സംഭവങ്ങൾ ഇവിടെ നടക്കുമ്പോൾ ആ നിയമം എത്ര അപര്യാപ്തമാണ് നമ്മൾ ഫെയിസ് ചെയ്യുന്ന ഒരു സിറേറുവേഷനെ മറികടക്കാൻ എന്ന് ഈ സഭ മനസ്സിലാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

മറെറാരു കാര്യം ഞാൻ ചോദിക്കട്ടെ. ഇന്നലെ ഈ സഭയിൽ ചോദ്യോത്തരസമയത്ത് ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഇവിടത്തെ ചീഫ് സെക്രട്ടറി, ടൂറിസം കമ്മീഷണർ ആൻറ് സെക്രട്ടറി, ഡയറക്ടർ ഇവരൊക്കെ ഗവൺമെൻറിനുവേണ്ടി ഒപ്പിട്ടതായി പറഞ്ഞു. നമ്മുടെ ഇവിടെ ലാഭകരമായി നടക്കുന്ന കെ. ടി. ഡി. സി. യുടെ പ്രധാനപ്പെട്ട ചില യൂണിററുകൾ കൈമാററൻ: ലോംഗ്ലീസ്, ദീർഘകാലാടിസ്ഥാനത്തിനുള്ള പാട്ടത്തിന് കൊടുക്കാം. സാധാരണ ദീർഘകാലാടിസ്ഥാനത്തിലുള്ള പാട്ടം 99 കൊല്ലം കൊടുക്കാം. എന്നുള്ള കരാറിൽ അതിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ ഒപ്പിട്ടു. ഇവിടെ ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് എന്താണ്? ഇങ്ങനെയുള്ള യാതൊരു ആലോചനയിലുമല്ല കെ. ടി. ഡി. സി. മുന്നോട്ടുവച്ച ഇക്വിററി ഷെയർ, ഇക്വിററി ഡൈല്യൂട്ട് ചെയ്തു കെ. ടി. ഡി. സി. യെ സ്ട്രെങ്ത്തൻ ചെയ്യുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുകയാണ് എന്നാണ്. ഈ യൂണിററ് ഓരോന്നും പുരോഗമിക്കണമല്ലോ. അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ് എന്ന് ഈ സഭയിൽ ഒരു ഉളുപ്പുമില്ലാതെ പറഞ്ഞപ്പോഴാണ് ഞങ്ങൾ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് കാണിച്ചത്. അദ്ദേഹത്തിന് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. ഉടനെ പറഞ്ഞു. ഉരുളയ്ക്കുപ്പേരി എന്നു പറയുന്നതുപോലെ അദ്ദേഹം പറഞ്ഞത് എന്താണ്? അത് ഗവൺമെൻറിന്റെ നയമല്ലാത്തതുകൊണ്ട് ഞങ്ങൾ ആ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽനിന്ന് പിൻമാറി എന്ന്. ഞാൻ ചോദിക്കട്ടെ ആരാണ് ഈ ഗവൺമെൻറിന്റെ നയങ്ങൾക്കെതിര്? ഇത് ഇവിടെ ചോദിച്ചതാണ് മി. ഹംസ. മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ സൈൻ ചെയ്യുന്ന ചീഫ് സെക്രട്ടറി പത്മകുമാർ, പത്മകുമാറിനെ പറഞ്ഞാൽ മതിയല്ലോ. മററതൊക്കെ ചെറിയ ചെറിയ ഓഫീസേഴ്സല്ലേ അദ്ദേഹവുമായി താരതമ്യപ്പെടുത്തുമ്പോൾ. അദ്ദേഹം പോയി ഒപ്പിട്ടുകഴിഞ്ഞാൽ — അദ്ദേഹം അത്ര ഇന്നസെൻറാണോ? Is he an innocent baby that he does not understand what is the policy of this Government. അങ്ങനെയാണോ? അല്ല. ഈ പോളിസിയൊക്കെ നന്നായി മനസ്സിലാക്കി പല പ്രധാനപ്പെട്ടവരുടെയും പിന്തുണയോടെ ഒട്ടേറെ പണം അണ്ടർ ദി ടേബിൾ കൈമാററം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തതിനുശേഷം അത് ഒപ്പിട്ടുകഴിഞ്ഞ്

പിടിക്കപ്പെട്ടപ്പോൾ ഒരു ന്യായം പറഞ്ഞതായിരിക്കണം. ഞങ്ങൾ അതിൽ നിന്നും പിൻമാറിയിരിക്കുന്നു എന്നുള്ളത്. ഇപ്പോഴും പിൻമാറിയോ എന്നുള്ള കാര്യം അറിഞ്ഞുകൂടാ. കമ്മീഷനിൽ തർക്കം വന്നതുകൊണ്ടാകാം, ഉറപ്പില്ലാത്തതുകൊണ്ടാകാം, ഇരുട്ടിലൊക്കെ നടക്കുമ്പോൾ പെട്ടെന്നു പിടിച്ചു പോവുകയില്ലേ അങ്ങനെ പിടിക്കപ്പെട്ടാൽ പിന്നെ മാന്യതയുടെ ഒരു പരിവേഷം അണിയാനുള്ള വിഷമമുണ്ടല്ലോ അതുപോലെയല്ലേ ഇത്. ഈ കാര്യം ഞങ്ങൾ അഴിമതിനിരോധന കമ്മീഷന്റെ മുമ്പിൽ — ഇവിടെ ഇന്നലെ സൂചിപ്പിച്ചതാണ്, അവിടെ തൊഴിലാളികൾ സമരം ചെയ്തു കൊണ്ടിരിക്കുകയാണ്. ആ തൊഴിലാളികളോ അവരുടെ സംഘടനകളോ ആരെങ്കിലും അഴിമതിനിരോധന കമ്മീഷന്റെ മുമ്പിൽ ഈ പ്രശ്നം കൊണ്ടുവന്നാൽ, അതായത് ഈ ഗവൺമെന്റിന്റെ നയം വളച്ചൊടിച്ച് അറിയാത്ത ഭാവത്തിൽ അറിഞ്ഞുകൊണ്ട് നമ്മുടെ ചീഫ് സെക്രട്ടറി വലിയ Trans National Hotel Company കളുമായി രാജ്യത്തിന് നഷ്ടം വരാവുന്ന കരാറുകളിൽ അഴിമതി സംശയിക്കാവുന്ന വിധത്തിൽ ഒപ്പിട്ടു എന്നുപറഞ്ഞാൽ അതിനെപ്പററി തീരുമാനിക്കുന്ന കോമ്പിററന്റ് അതോറിററി പത്മകുമാറാണ്. ചീഫ് സെക്രട്ടറിയുടെ മുമ്പിലാണ് ആ കേസ് പോകുന്നത്. അതാണ് ഞാൻ പറയുന്നത്. ഇത്തരം കേസുകൾ ഒരു പാട് ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിൽ ഇത്തരത്തിലുള്ള കാര്യങ്ങളിൽ നീതി ലഭിക്കണം. പഴയ കമ്മീഷൻ, ഇവിടെ നിലവിലിരുന്ന ആ സംവിധാനം കുറെക്കൂടി നീതി ഉറപ്പ് വരുത്തുന്നതായിരുന്നു. മി. കരുണാകരൻ മുഖ്യമന്ത്രിയായിവരുമ്പോൾ ഈ നാടിന് സ്വാഭാവികമായും അദ്ദേഹത്തിന്റെ മന്ത്രിസഭയെക്കുറിച്ച് സംശയങ്ങളുണ്ടാകുന്നതിൽ, അഴിമതിയുടെ കാര്യത്തിൽ സംശയമുണ്ടാകുന്നതിൽ ആരും പരിഭവപ്പെട്ടിട്ട് കാര്യമില്ല. ഇവിടെ ആ മന്ത്രിസഭയിലിരിക്കുന്ന ബഹുമാന്യരായ സുഹൃത്തുക്കളെക്കുറിച്ച് ഞാൻ ഒരു ദുരാരോപണം നടത്തുകയാണെന്നു വിചാരിക്കരുത്. ശ്രീ. കരുണാകരൻ ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലത്തല്ലേ അതിലെ രണ്ടു മന്ത്രിമാർ, ഒന്ന് പൈപ്പ് ഇട പാടിൽ മി. ഗംഗാധരൻ, ശ്രീ. കാർത്തികേയനറിയാമല്ലോ മി. ഗംഗാധരന് വന്ന സ്ഥിതി. അഴിമതി ഇടപാടുകൾ അന്വേഷിച്ചപ്പോൾ മി. ഗംഗാധരൻ പോകേണ്ടി വന്ന കാര്യം. അതുപോലെ ശ്രീ. ശ്രീനിവാസൻ.........

<u>ശ്രീ. ജി. കാർത്തികേയൻ:</u> മി. എം. പി. ഗംഗാധരന് രാജിവെക്കേണ്ടി വന്നത് അഴിമതിയുടെ പേരിൽ അല്ല.

<u>ശ്രീ. സി. കെ. ചന്ദ്രപ്പൻ:</u> ഒരു അഴിമതിയാരോപണത്തിന്റെ പേരിലായിരുന്നല്ലോ, ഒരു കമ്മീഷന്റെ തീരുമാനമനുസരിച്ചായിരുന്നില്ലേ? അതു സാരമില്ല. നമ്മൾ തമ്മിൽ തർക്കിക്കേണ്ട കാര്യമില്ല. അതൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെ മി. ഗംഗാധരനും മി. ശ്രീനിവാസനുമൊക്കെ ആ ചിറകിന്റെ കീഴിൽ നല്ല സംരക്ഷണം കൊടുത്ത് ആ ചൂടിൽ അഴിമതി ഇവിടെ വളർന്നുവന്ന് അതിന് കൂട്ട പിടിച്ചതിന് സംരക്ഷണം നൽകിയ ഒരു മുഖ്യമന്ത്രി വീണ്ടും വരുമ്പോൾ സ്വാഭാവികമായും ഈ കേരളം പത്തു പ്രാവശ്യമെങ്കിലും ആലോചിക്കും ഇത്തരത്തിലുള്ള അഴിമതി വീരൻമാർ ഈ മന്ത്രിസഭയുടെ എഫ്രാട്ടക്ഷനിൽ, ഈ മുഖ്യമന്ത്രിയുടെ സംരക്ഷണത്തിൻകീഴിൽ വീണ്ടും ഉണ്ടാകുമോ എന്ന കാര്യം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ബഹുമാനപ്പെട്ട മന്ത്രി ശ്രീനിവാസൻ ആ കമ്മീഷന്റെ പരാമർശനത്തിന്റെ അടിസ്ഥാനത്തിലാണ് രാജി വച്ചത്. മി. ഗംഗാധരൻ അങ്ങനെയല്ല. ആ മന്ത്രി ഉൾപ്പെടെ നിയമിച്ച ഒരു

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ അദ്ദേഹത്തിനെതിരായി പരാമർശനം നടത്തി. ആ കമ്മീഷനെയാണ് നിങ്ങൾ പിരിച്ചുവിട്ടത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. സി. കെ. ചന്ദ്രപ്പൻ: അറിയാമല്ലോ, കൂടുതൽ ഇഫക്ടീവായി, കൂടുതൽ ഫലപ്രദമായി കാര്യങ്ങൾ നടത്താൻ, കൂടുതൽ ജനാധിപത്യപരമായ ഒരു സംവിധാനം സൃഷ്ടിക്കുന്നതിനുവേണ്ടി ആ കമ്മീഷനെ പിരിച്ചു വിട്ടു. ലോകം മുന്നോട്ടു പോകുമ്പോൾ അങ്ങനെ പലതും നടക്കുമല്ലോ.

ശ്രീ. ജി. കാർത്തികേയൻ: ശരിയാണ് എന്ന് പറഞ്ഞു. കൂടുതൽ ഫലപ്രദമായി അഴിമതി തടയുന്നതിനുവേണ്ടിയാണ് തന്നെ നിയമിച്ച മന്ത്രിസഭയിലെ ഒരംഗത്തിനെതിരെവരെ പരാമർശം നടത്തിയ ഒരു അഴിമതി നിരോധന കമ്മീഷനെ നിങ്ങൾ പിരിച്ചു വിട്ടത്. കൂടുതൽ ഫലപ്രദമായി നടപടികൾ നടത്തുന്നതിനുവേണ്ടി, ഞാൻ ഇവിടെ ആവർത്തിക്കുന്നു, തങ്ങളെ നിയമിച്ച മന്ത്രിസഭയിലെ ഒരംഗത്തിനെതിരെ പരാമർശം നടത്തി. രാഷ്ട്രീയ വിധേയത്വമില്ലായെന്നു തെളിയിച്ച ഒരു കമ്മീഷനെ പിരിച്ചു വിട്ട് നിങ്ങൾ ഒരു പുതിയ കമ്മീഷനെ വച്ചിട്ട് ആ കമ്മീഷനു മുമ്പിൽ മന്ത്രിമാർക്കെതിരെയുള്ള ആരോപണം വന്നിട്ട് നിങ്ങൾ വച്ച നിഷ്പക്ഷമായ കമ്മീഷൻ എടുത്ത നടപടികൾ കേരളത്തിലെ ജനങ്ങൾക്കറിയാം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, കേരളത്തിലെ ജനങ്ങൾക്കറിയാം എന്ന് അദ്ദേഹം പറഞ്ഞത്......................

ശ്രീ. ഒ. ഭരതൻ: അന്നത്തെ അഴിമതി നിരോധന കമ്മീഷന്റെ വ്യവസ്ഥകൾ അനുസരിച്ച് ഒരു മന്ത്രിയെങ്കിലും നിർഭാഗ്യവശാൽ കുടുങ്ങിപ്പോയി. ഇനി ആ പഴുതുപോലും അടച്ച് എല്ലാവരേയും രക്ഷപ്പെടുത്തണമെന്ന ഉദ്ദേശം വച്ചിട്ടാണ് പുതിയ നിയമം കൊണ്ടുവരുന്നതെന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. സി. കെ. ചന്ദ്രപ്പൻ: അത് വളരെ ക്ലിയറല്ലേ? ഈ നിയമം വായിക്കുമ്പോൾ അതാണ് ഏററവും ക്ലിയറായിട്ടുള്ള വസ്തുത. ശ്രീ. ജി. കാർത്തികേയൻ ചോദിച്ച ഒരു കാര്യം, ഒരു നിയമം ഇക്കാര്യത്തിൽ ഇല്ലായിരുന്നു, ഒരു നിയമം വേണമെന്നുള്ളതു കൊണ്ട് അങ്ങനെയൊരു നിയമം ഇവിടെ നടപ്പിലാക്കുമ്പോൾ ഞാൻ നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ചാണ് പറഞ്ഞത്. അദ്ദേഹം അധികാരത്തിലിരുന്നപ്പോഴൊക്കെ ഇത്തരം അഴിമതി പ്രൊട്ടക്ട് ചെയ്യപ്പെട്ടിരുന്നു. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ ജനങ്ങളുടെ മുമ്പിൽ ഒരു വലിയ പ്രശ്നമാകുന്നത്. ജനങ്ങൾക്ക് ഇക്കാര്യത്തിൽ വിശ്വാസ്യത നഷ്ടപ്പെടുകയാണ്. ഇങ്ങനെയൊരു നിയമം ഇവർ ഉണ്ടാക്കുമ്പോൾ ആ നിയമത്തിനകത്ത് ഉണ്ടായിരുന്ന എല്ലാ നീതി നിഷ്ഠകളും നീതി നിർവ്വഹണത്തിന് പററുന്ന എല്ലാം തന്നെ ഇല്ലതാക്കിക്കൊണ്ട് എല്ലാം തന്റെ ചൊൽപടിക്ക്, തനിക്ക് വിധേയമായി നിൽക്കുന്ന ഒരു സംവിധാനം സൃഷ്ടിച്ചുകൊണ്ട്—അഴിമതിക്കാരാണ് എന്നുകണ്ട് പിടിക്കപ്പെട്ടാലും ഇറങ്ങിപ്പോകേണ്ടതില്ലായെന്ന് വരുത്തിവച്ചുകൊണ്ട് ഒരു പുതിയ സംവിധാനമുണ്ടാക്കിയെന്നതിനാൽ ഈ നിയമം ഈ സഭ പാസ്സാക്കുകയാണെങ്കിൽ അത് ഈ സഭയുടെ ഏററവും കറുത്ത ദിനങ്ങളിലൊന്നായിരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. കടവൂർ ശിവദാസൻ]

**ശ്രീ. തച്ചടി പ്രഭാകരൻ:** കഴിഞ്ഞ ഗവൺമെന്റ് ശ്രീ. ചന്ദ്രശേഖര മേനോൻ അടക്കമുള്ള റിട്ടയർ ചെയ്ത ജഡ്ജിമാരെ വച്ചു. ഈ ഗവൺമെന്റ് ഇപ്പോൾ ചെയ്തിരിക്കുന്നത് ഹൈക്കോടതിയിലെ സിറ്റിങ്ങ് ജഡ്ജി ചെയർമാൻ ആയിട്ടുള്ള ഒരു കമ്മീഷനെയാണ് വച്ചിരിക്കുന്നത്. അതാണ് വ്യത്യാസം. റിട്ടയർ ചെയ്ത് പണിയില്ലാതെ നടക്കുന്ന ആളുകൾ. നേരെ മറിച്ച് ഇന്ന് ഒരു സിറ്റിങ്ങ് ജഡ്ജിയെ ചെയർമാൻ ആക്കിക്കൊണ്ടാണ് ഗവൺമെന്റ് ഈ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുള്ളത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

**ശ്രീ. കെ. കൃഷ്ണൻകുട്ടി:** ബഹുമാനപ്പെട്ട ഈ സിറ്റിങ്ങ് ജഡ്ജി നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകൻ മുരളിയുടെ ഭാര്യയുടെ ബന്ധുവാണെന്നുള്ളത് അങ്ങേയ്ക്കറിയാമോ?

**ശ്രീ. സി. കെ. ചന്ദ്രപ്പൻ:** അറിഞ്ഞുകൂടായിരുന്നു. അതിന് ഞാൻ ഇപ്പോൾ ഇവിടെ പരാമർശിച്ച കാര്യം പറഞ്ഞാൽ മതിയല്ലോ. ഏതാനും ദിവസങ്ങൾക്കകം ഇപ്പോഴത്തെ ജഡ്ജി റിട്ടയർ ചെയ്ത് പോകുകയാണ്. റിട്ടയർ ചെയ്യുമ്പോൾ പെൻഷൻ കാലത്ത് ഒരു ജോലിയുമാകട്ടേ, ഒരു തമാശ! ഇപ്പോൾ നമ്മുടെ കൃഷ്ണൻകുട്ടി പറഞ്ഞ ബന്ധം, അതാണല്ലോ ഇപ്പോൾ ശ്രീ. കരുണാകരന്റെ രാഷ്ട്രീയത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യവും ആരുമായാണ് ബന്ധം? ഞാൻ അപ്പുറത്തിരിക്കുന്ന പല മുഖങ്ങളും കാണുന്നുണ്ട്. ആ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അവരുടെയൊക്കെ തല എടുത്തു കളയുമെന്ന് ഭീഷണിപ്പെടുത്തുന്നതുപോലെ നമ്മുടെ നിയമ സഭയുടേയും നിയമനിർമ്മാണത്തിന്റെയും തലയെടുക്കാൻ ആ ബന്ധം വരികയാണെങ്കിൽ അതൊരു ദുർദിനത്തിന്റെ തുടക്കം കുറിക്കും. ഈ നിയമം പാസ്സാക്കിയാൽ അങ്ങനെയുണ്ടാകും.

വേറൊരു കാര്യം, അങ്ങേപ്പുറത്ത് ഇപ്പോൾ എന്നോട് ചോദ്യം ചോദിച്ച ചിലരും ചോദ്യം ചോദിക്കാനിരിക്കുന്ന പലരും ഉന്നയിച്ച ചില ഗൗരവകരമായ ആരോപണങ്ങളില്ലേ? നമ്മുടെ രാജ്യത്തുള്ളതാണ്, ഈ സഭയുടെ മുമ്പിലുള്ളതാണ്. ഒരു പാർട്ടിയുടെ ആഭ്യന്തര കാര്യം എങ്ങനെയോ ആയിക്കൊള്ളട്ടേ എന്നാൽ ആ ആഭ്യന്തരകാര്യം പുറത്ത് വന്നപ്പോൾ നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട അബ്കാരി കോൺട്രാക്ടർമാർ, അവരുടെ കോടിക്കണക്കായ പണം അവരുമായി അത് കൈകാര്യം ചെയ്യുന്ന മന്ത്രിയും ശ്രീ. കരുണാകരനും ചേർന്നുകൊണ്ട് അവരുടെ പാർട്ടിയിലെ ഒരു വിഭാഗത്തെ അടിച്ചമർത്താനും ഇല്ലായ്മ ചെയ്യാനും ഈ ബന്ധങ്ങൾ ഉപയോഗിച്ചു എന്നു പറഞ്ഞാൽ ഒരു വലിയ രാഷ്ട്രീയ അഴിമതി നടന്നു എന്നല്ലേ അതിന്റെ അർത്ഥം? അതോടൊപ്പംതന്നെ സാമ്പത്തിക അഴിമതിയും. ഇത് അങ്ങേയ്ക്ക് നിശ്ചയമുള്ള കാര്യമാണ്. ഇത്തരം കാര്യങ്ങൾ ഈ നാട്ടിൽ നടക്കുകയാണ്. പണ്ട് നടന്നതിനേക്കാളൊക്കെ എത്രയോ അധികം. അതു കൊണ്ടാണ് ഈ കാര്യങ്ങൾക്കൊക്കെ ഒരു പരിഹാരം കാണാൻ നമ്മുടെ ജനങ്ങൾക്ക് പറ്റുന്ന വിധത്തിലുള്ള ഒരു നിയമസംഹിത ഈ രാജ്യത്തുണ്ടാകണമെന്നു പറഞ്ഞത്. വേറൊന്നായിരുന്നെങ്കിൽ നന്നായിരുന്നു, പക്ഷേ അതല്ലല്ലോ സ്ഥിതി? മഹാത്മാ ഗാന്ധിയെക്കുറിച്ച് ഇപ്പോൾ അങ്ങേപ്പുറത്ത് കുറച്ച് പേരേ ഓർക്കാറുള്ളൂ. അങ്ങനെയുള്ള ഒരാൾ ഈ രാജ്യത്ത് ജീവിച്ചിരുന്നുവെന്നുള്ളതും അദ്ദേഹം പറഞ്ഞ കാര്യങ്ങളുമൊക്കെ വളരെ കുറച്ചുപേർ ഓർക്കുന്നുണ്ടാകും. മുഖ്യമന്ത്രി ആ ശല്യത്തിൽ നിന്നൊക്കെ വിമുക്തനായിട്ട് ഒരുപാട് കാലമായി. ഗാന്ധിജിയാണ് ഈ രാജ്യത്ത് ഏറ്റവും കൂടുതൽ..........

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഗാന്ധിജിയിലേയ്ക്ക് പോകുമ്പോൾ ഒരുകാര്യം പറയട്ടെ...........

ശ്രീ. സി.കെ. ചന്ദ്രപ്പൻ: ഗാന്ധിജിയിലേയ്ക്ക് പോകണമല്ലോ, നമ്മൾ ഇവിടെ ഗാന്ധിജിയുടെ പടം വെറും ആരാധനയ്ക്കുവേണ്ടി വച്ചിരിക്കുകയല്ലല്ലോ.

മി. ചെയർമാൻ: അദ്ധ്യക്ഷൻ എന്നുള്ള നിലയ്ക്ക് ഞാൻ പറയുന്നത് കേൾക്കാൻ അങ്ങ് ബാദ്ധ്യസ്ഥനാണല്ലോ. ഞാൻ ഒന്ന് ഓർമ്മിപ്പിക്കുന്നതേയുള്ളൂ. ഇത് ഒന്നരമണിക്ക് തീർക്കേണ്ടതാണ്. വേറെ മെമ്പർമാർ സംസാരിക്കാനുണ്ട്; മിനിസ്ററുടെ റിപ്ലൈയുണ്ട്. ഇതൊക്കെ അങ്ങയുടെ മനസ്സിലിരിക്കട്ടെ, എന്നിട്ട് ഗാന്ധിജിയിലേയ്ക്ക് പോകുക.

ശ്രീ .സി.കെ. ചന്ദ്രപ്പൻ: ഞാൻ കൂടുതൽ ആ വിഷയത്തിലേയ്ക്ക് പോകുന്നില്ല, ചെയർ പറഞ്ഞത് എനിക്ക് മനസ്സിലായി. ഞാൻ ഒരുപാട് സമയമെടുക്കുകയില്ല. ഇവിടെ ഇപ്പോൾചിലർ പറയുന്നുണ്ട്, ഗാന്ധിജിയുടെ പടം ഇരിക്കുന്നിടത്തൊക്കെ ഗോഡ്സേയുടെ പടം വയ്ക്കാനാണ് അവർക്ക് ഇഷ്ടമെന്ന്. ഗാന്ധിജിയുടെ പടം എടുത്തു കളയാം, ഗോഡ്സേയുടെ പടം ഇവിടെയൊക്കെ വച്ചാൽ നന്നായിരിക്കുമല്ലോ, ഇവിടെ ചിലർക്കെങ്കിലും അതിനോട് ഒരു എതിർപ്പുമില്ല. അങ്ങനെയുണ്ടായിക്കോട്ടെ, ഒരു മാററമല്ലേ നല്ലത് എന്നു വിചാരിക്കുന്നവർ ഉണ്ട്, അതുകൊണ്ടാണ് ഞാൻ അവരെ ഓർമ്മിപ്പിച്ചത്.

ശ്രീ. ഇ. എം. അഗസ്തി: കമ്മ്യൂണിസ്ററ് പാർട്ടി ഓഫ് ഇൻഡ്യ (സി.പി.ഐ)യും കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയും അതിൽ പ്രത്യേകിച്ച് സി.പി.ഐ. മഹാത്മാ ഗാന്ധിയുടെ പടം കൂടി അവരുടെ പ്രചരണമാദ്ധ്യമങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങുന്നതിനെ സംബന്ധിച്ചും മഹാത്മാഗാന്ധിയെ കൂടി മാർക്സിൻെറയും എംഗൽസിൻെറയും തുല്യനായി കണക്കാക്കേണ്ടതിനെ സംബന്ധിച്ചും ആലോചിക്കുന്നതായി കേൾക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് വല്ലതും പറയാനുണ്ടോ?

ശ്രീ. സി.കെ. ചന്ദ്രപ്പൻ: പറയാനുണ്ടല്ലോ, അത് ഇപ്പോൾ കേൾക്കുമ്പോൾ മനസ്സിലാകും. അത് ശ്രദ്ധിച്ചിരുന്നാൽ മതി. മഹാത്മാഗാന്ധിയെ ഈ നാട് രാഷ്ട്രത്തിനതീതമായി ബഹുമാനിച്ചിരുന്നു. നമ്മുടെ നാടിൻെറ രാഷ്ട്ര പിതാവാണ് അദ്ദേഹം.

ശ്രീ. പി. ബാലൻ: അങ്ങയുടെ പാർട്ടിയുടെ അഭിപ്രായം വാർധയിലെ കള്ളദൈവമാണ് മഹാത്മാഗാന്ധിയെന്നത് ഇപ്പോൾ തിരുത്തിയോ? കമ്മ്യൂണിസ്ററ് പാർട്ടി ഓഫ് ഇൻഡ്യയുടെ കഴിഞ്ഞകാല വിലയിരുത്തൽ മഹാത്മാഗാന്ധി വാർധയിലെ കള്ള ദൈവമാണ് എന്നായിരുന്നു. ആ അഭിപ്രായം ഇപ്പോൾ തിരുത്തിയോ?

ശ്രീ. സി. കെ. ചന്ദ്രപ്പൻ: തിരുത്തിയെന്നു വച്ചോ, തിരുത്തിയെങ്കിൽ നല്ലതല്ലേ? ശ്രീ.ബാലനോട് ഇന്നലെ ഞാൻ ചോദിക്കുകയും ചെയ്തു, എന്തേ അസാധാരണമായ ഒരു നിശബ്ദത ഈയിടെയെന്ന്. അത് ഭേദിക്കാനെങ്കിലും ഗാന്ധിജി ഉപകാരപ്പെട്ടതിൽ നന്നായി. അതുകൊണ്ട് എനിക്ക് ഇത്രയേ പറയാനുള്ളൂ. നമ്മൾ ഏററവും തീക്ഷ്ണമായ ഒരു സമരത്തിൻെറ നടുവിൽ നിൽക്കുമ്പോഴും സംശുദ്ധമായ രാഷ്ട്രീയം നടത്തണമെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. ലക്ഷ്യമല്ല മാർഗ്ഗം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ പ്രധാനമാണ്. എന്നാൽ അങ്ങേപ്പുറത്ത് ഇപ്പോൾ നമ്മുടെ മുഖ്യമന്ത്രിക്ക് മാർഗ്ഗം ഒരു പ്രശ്നമേയല്ല. മുരളിയെ എത്തിക്കേണ്ടിടത്ത് എത്തിക്കുന്നതിന് ഏത് കോണിപ്പടിയും ചവിട്ടിക്കയറാൻ, ഗാന്ധിജിയെ കൊന്ന ഗോഡ്സേയുടെ പാർട്ടിയുടെ കോണിപ്പടിയെങ്കിൽ ആ കോണിപ്പടി, അത് ചവിട്ടിക്കയറാൻ ഒരു ഉളുപ്പുമില്ലായെന്നുള്ള കാര്യം ഈ സഭയും അപ്പുറത്തിരിക്കുന്നവരും നന്നായി അറിയണം.

സർ, മറ്റൊരു കാര്യം അഴിമതിയെക്കുറിച്ച് മഹാത്മജി എന്തൊക്കെ പറഞ്ഞാലും, അഴിമതിയുടെ കാര്യത്തിൽ എന്നും മുന്നിൽ നിന്നിട്ടുള്ളത് ശ്രീ. കരുണാകരനാണ്, അദ്ദേഹത്തിന്റെ ഈ ഭരണവും മറ്റൊരു നോബൽ സമ്മാനം നേടിക്കുന്ന ഭരണമായി അവസാനിപ്പിക്കും. അദ്ദേഹത്തിന്റെ മരണത്തിനൊന്നും ദീർഘായുസ്സ് ഉണ്ടായിരുന്നില്ല. ഈ അഴിമതി ആരോപണത്തിന്റെ ചെളിക്കുണ്ടിൽ അദ്ദേഹത്തിന്റെ ഭരണം മുങ്ങിക്കൊണ്ടിരിക്കുമ്പോൾ ഈ കമ്മീഷനും ആ ദുർവിധി അദ്ദേഹം വലിച്ചു വയ്ക്കരുത് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ വാക്കുകൾ ഉപസംഹരിക്കുകയാണ്. ഈ ബില്ലിനെ എല്ലാ ശക്തിയോടുംകൂടി എതിർക്കുകയാണ്. പാർലമെന്ററി ഡെമോക്രസിയോടും ജനാധിപത്യസംവിധാനത്തോടും സാന്മാർഗ്ഗിക മൂല്യങ്ങളോടും നടത്തിയിട്ടുള്ള ഏറ്റവും വലിയ കയ്യേറ്റമെന്നുള്ള നിലയിൽ ഇതിനെ തള്ളിക്കളയാൻ ഉള്ള ഒരു ഉന്നതബോധം ഈ സഭ കാണിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. നമുക്ക് ജനങ്ങളിലേക്ക് പോകാം. ഗാന്ധിജി എപ്പോഴും പറഞ്ഞിരിക്കുന്നതതാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ ഗാന്ധിജിയെക്കുറിച്ച് മാത്രം സംസാരിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? പലതും സി.പി.ഐ മാറിയിരിക്കുകയാണല്ലോ. അക്കൂട്ടത്തിൽ ഇതും മാറിയോ?

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ഗാന്ധിജിയെക്കുറിച്ച് ഇപ്പോൾ അദ്ദേഹം ഓർക്കുന്നത് നല്ലതാണ്. ഞാൻ പറഞ്ഞത് ഒരു സംശുദ്ധമായ ജീവിതത്തിന് വേണ്ടി ഗാന്ധിജി അവർക്ക് ഇനിയും വഴികാട്ടി ആയിരിക്കട്ടെ എന്നാണ്. ഗോഡ്സേയും മററും ആകാതിരിക്കട്ടെ. മാണി പറയുന്ന ഒരു ഭാഷയാണെങ്കിൽ അവരെ നയിക്കുന്ന നക്ഷത്രങ്ങൾ ദീപസ്തംഭങ്ങൾ എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബില്ല് സർക്കുലേററ് ചെയ്താൽ ജനങ്ങളുടെ അഭിപ്രായം അറിയാം. നമുക്ക് കുറേക്കൂടി ശരിയായ ഒരു തീരുമാനത്തിൽ എത്താൻ കഴിയും. അതുകൊണ്ടാണ് ഇത് പൊതുജനാഭിപ്രായത്തിന് സർക്കുലേററ് ചെയ്യണമെന്ന് ഞാൻ പറയുന്നത്. അതിന് ഈ ഗവൺമെന്റിന് വലിയ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല എന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി അമ്മ: ഈ ബില്ലിനെ രണ്ട് കാരണങ്ങളാലാണ് ഞാൻ എതിർക്കുന്നത്. ഇപ്പോൾ പറയാൻ പോകുന്നത് 1987-ൽ അവതരിപ്പിച്ച് "1988-ൽ പാസ്സാക്കിയ ആക്ടിനെക്കുറിച്ചാണ്. രണ്ട് ഉദ്ദേശങ്ങളാണ് അതിൽ ഉണ്ടായിരുന്നത്. ഭരണം നടത്തുന്ന കമ്മീഷൻ ഒരു ജുഡീഷ്യൽ ബോഡി ആയിരിക്കണം. ശ്രീ. പ്രസന്നനായിരുന്നു മുമ്പ് ഉണ്ടായിരുന്നത്. പ്രസന്നന്റെ ഗുണവിശേഷണങ്ങളൊന്നും അദ്ദേഹം പോയതുകൊണ്ട് ഞാൻ പറയുന്നില്ല. അദ്ദേഹം അസ്സൽ കോൺഗ്രസ്സുകാരനായിരുന്നു. അല്ല എന്ന് പറയാൻ പററുമോ?

LIBRARY ARCHIVES Kerala Legislative Assembly